**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2463** **12-02-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. എം. സച്ചിൻദേവ്</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് കേരള ചിക്കന്റെ എത്ര ഔട്ട്ലെറ്റുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്; ജില്ലകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;</td><td>(എ)</td><td>കേരള ചിക്കൻ പദ്ധതിയുടെ കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന ഔട്ട് ലെറ്റുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><table>
<tr><td>ക്രമ നം</td><td>ജില്ല</td><td>ഔട്ട് ലെറ്റുകളുടെഎണ്ണം</td></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>16</td></tr>
<tr><td>2</td><td>കൊല്ലം</td><td>13</td></tr>
<tr><td>3</td><td>കോട്ടയം</td><td>17</td></tr>
<tr><td>4</td><td>എറണാകുളം</td><td>16</td></tr>
<tr><td>5</td><td>തൃശ്ശൂർ</td><td>11</td></tr>
<tr><td>6</td><td>കോഴിക്കോട്</td><td>15</td></tr>
<tr><td>7</td><td>പാലക്കാട്</td><td>5</td></tr>
<tr><td>8</td><td>മലപ്പുറം</td><td>4</td></tr>
<tr><td></td><td>ആകെ</td><td>97</td></tr>
</table></td></tr>
<tr><td>(ബി)</td><td>കോഴിക്കോട് ജില്ലയിലെ കേരള ചിക്കൻ ഔട്ട്ലെറ്റുകളിൽ ആവശ്യത്തിനനുസരിച്ച് ഇറച്ചിക്കോഴികളെ യഥാസമയം വിതരണം ചെയ്യാൻ കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോഴിക്കോട് ജില്ലയിൽ എത്ര ഫാമുകളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്; വിശദമാക്കാമോ;</td><td>(ബി)</td><td>കോഴിക്കോട് ജില്ലയിലെ കേരള ചിക്കൻ ഔട്ട് ലെറ്റുകളിലെ നിലവിലെ ആവശ്യത്തിനനുസൃതമായി ഇറച്ചികോഴികളെ വിതരണം ചെയ്യുവാൻ സാധിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട് . നിലവിൽ കോഴിക്കോട് ജില്ലയിൽ 34 ഫാമുകളാണ് പ്രവർത്തിച്ചു വരുന്നത്. കേരള ചിക്കൻ ഫാം രൂപീകരണ ഗൈഡ് ലൈൻ മാനദണ്ഡപ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് എന്നിവയോടു കൂടിയ ഫാമുകൾമാത്രം പരിഗണിക്കുന്നതിനാലാണ് കോഴിക്കോട് ജില്ലയിൽ ഫാമുകളുടെ എണ്ണത്തിൽ ആനുപാതികമായി വർദ്ധനവ്ഉണ്ടാകാത്തത്.</td></tr>
<tr><td>(സി)</td><td>കേരള ചിക്കൻ ഔട്ട്ലെറ്റുകൾക്ക് ആവശ്യാനുസരണം ഇറച്ചിക്കോഴികൾ</td><td>(സി)</td><td>കേരളചിക്കൻ ഫാം രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലകളിലെ അനിമൽ ഹസ്ബന്ഡറിയുടെ കുടുംബശ്രീ ജില്ലാ പ്രോഗ്രാം</td></tr>
</table>

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിനായി കൂടുതൽ ഫാമുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കാമോ? | | മാനേജർമാരുമായി 31.01.2024- ന് കുടുംബശ്രീ സംസ്ഥാന മിഷൻ തലത്തിൽ മീറ്റിംഗ് സംഘടിപ്പിക്കുകയും, എല്ലാ ജില്ലകളിലും ഫീൽഡ്തലത്തിൽ ത്വരിതഗതിയിൽ ഫാം കണ്ടെത്തുന്നതിനായി ടാർഗറ്റ് നൽകി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ